# കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കിയോസ്ക് ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒ പി ബ്ലോക്കിൽ പുതുതായി നിർമിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കിയോസ്ക് 31. 10.2020 ന് ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി.കെ.കെ ശൈലജ ടീച്ചർ ഉദ്ഘാടനം നിർവ്വഹിച്ചു. മെഡിക്കൽ കോളേജിലെ ഒ പി കൗണ്ടറിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പൂർത്തീകരിച്ച ഹൈടെക് കിയോസ്ക് ആണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സേവനങ്ങൾക്കായി ജനങ്ങൾക്ക് തുറന്ന് നൽകിയത്. സമാന രീതിയിൽ കേരളത്തിലെ എല്ലാ എംപാനൽ ചെയ്ത ആശുപത്രികളിലും കിയോസ്കുകൾ പൂർത്തീകരിച്ചു വരുന്നു.

ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് വളരെ വേഗത്തിൽ പദ്ധതിയുടെ സേവനങ്ങൾ ലഭ്യമാകുന്നതിന് വിദഗ്ദ പരിശീലനം നൽകിയ പി.എം.എ.എം / മെഡിക്കൽ കോർഡിനേറ്റർമാർക്കാണ് കിയോസ്ക്കുകളുടെ പരിപാലന ചുമതല നൽകിയിരിക്കുന്നത്.

നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ബെനിഫിഷ്യറി ഐഡന്റിഫിക്കേഷൻ സിസ്റ്റത്തിൽ **(BIS)** നിന്ന് ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കാർഡ് ലഭ്യമാക്കൽ, രോഗിയുടെ കാസ്പ് രജിസ്ട്രേഷൻ മുതൽ ഡിസ്ചാർജ് വരെയുള്ള എല്ലാ സേവനങ്ങളും, പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ദൈനംദിന അറിയിപ്പുകളും കാസ്പ് കിയോസ്ക്കുകൾ വഴി ജനങ്ങൾക്ക് ലഭ്യമാകും.

ചടങ്ങിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.സാറാവർഗീസ്, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ.ഷർമത്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടർ ഡോ.ബിജോയ് ഇ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.




